ആരോപണ വിധേയരായ വൈൽഡ് ലൈഫ് വാർഡന്മാർ

10 (1561) ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വനം വകുപ്പിൽ ഏതെല്ലാം വൈൽഡ് ലൈഫ് വാർഡന്മാരുടെ മേൽ ആനവേട്ട, മറ്റു മൃഗങ്ങളെ വേട്ടയാടൽ, എന്നിവയെപ്പറ്റിയുള്ള ആരോപണങ്ങളും ആനക്കൊമ്പുമായി ബന്ധപ്പെട്ട ആരോപണങ്ങളും ഉണ്ടായിട്ടുണ്ട്.

(ബി) ഈ ആരോപണങ്ങളെപ്പറ്റി എന്തെല്ലാം വിധത്തിലുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട് ;

(സി) ഒരന്വേഷണവും നടത്താത്തപക്ഷം അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ആനക്കൊമ്പു സംബന്ധമായ ആരോപണവുമായി ബന്ധപ്പെട്ട വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ പറശ്ശിനിക്കടവ് സ്നേക്ക്പാർക്ക് കണ്ടുകെട്ടിയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആരെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വൈൽഡ് ലൈഫ് വാർഡന്മാരുടെ പേരിൽ ആനവേട്ട, മറ്റു മൃഗങ്ങളെ വേട്ടയാടൽ, ആനക്കൊമ്പ് എന്നിവ സംബന്ധിച്ച ആരോപണം ലഭിച്ചതായി കാണുന്നില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പറശ്ശിനിക്കടവ് സ്നേക്ക് പാർക്ക് കണ്ടുകെട്ടിയിട്ടില്ല. അനധികൃതമായി സൂക്ഷിച്ചിരുന്ന വന്യജീവികളെ പിടിച്ചെടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതിൽ പങ്കെടുത്ത ഒരു ഉദ്യോഗസ്ഥനും ആനക്കൊമ്പ് സംബന്ധമായ ആരോപണങ്ങളുമായി ബന്ധപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും ഫോറസ്റ്റർ ആയി നിയമനം

11 (1562) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നും ഫോറസ്റ്റർ ആയി നിയമിക്കുന്നതിന് സർക്കാർ ഉത്തരവുകൾ ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഉത്തരവു പ്രകാരം നിയമനം നടത്തുന്നതിനുള്ള ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസയോഗ്യത എന്തെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly